ഉത്തരം

(എ) കുന്നുകുഴി പാലം പുതുക്കിപ്പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. ചെമ്പിത്താനം പാലം പണിയുടെ സൈറ്റ് സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. അലൈൻമെൻറ് പ്രൊപ്പോസലുകൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ പരിശോധിച്ചുവരികയാണ്. ഗവൺമെൻറ് ഭരണാനുമതി നൽകിയിട്ടുള്ള തുരുത്തേൽ പാലത്തിൻെറ പണിക്ക് ആവശ്യമായ സ്ഥലം ഇനിയും വിട്ടുകിട്ടിയില്ല.

(ബി) നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഈ പാലങ്ങളുടെ പണി ഉടനെ നടത്തുവാൻ ബുദ്ധിമുട്ടുണ്ട്.

വട്ടിത്തറമറ്റം—കിടങ്ങൂർ റോഡിലുള്ള പാലങ്ങളുടെ പണി

108 [119] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. റോഡായ വട്ടിത്തറമറ്റം-കിടങ്ങൂർ റോഡിലുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായോ;

(ബി) ഈ പാലങ്ങളുടെ പണി എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?.

ഉത്തരം

(എ) ഇല്ല.

(ബി) ഇൻവെസ്റ്റിഗേഷനും മറ്റ് പ്രാഥമിക നടപടിക്രമങ്ങളും പൂർത്തിയായശേഷമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ.

കൊങ്ങാണ്ടൂർ പാലം പുതുക്കിപ്പണിയുവാൻ നടപടി

109 [120] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണർകാട്—കിടങ്ങൂർ റോഡിലുള്ള കൊങ്ങാണ്ടൂർ പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കൊങ്ങാണ്ടൂർ പാലം പണിയുടെ ഇൻവെസ്റ്റിഗേഷനുവേണ്ടി 14,800 രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കിട്ടിയശേഷമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

തകഴി—എടത്വാ റോഡിലുള്ള തകഴി പാലം

110 [121] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ തകഴി—എടത്വാ റോഡിൽ ഉള്ള തകഴി പാലം നിർമ്മിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) പ്രസ്തുത പാലത്തിന്റെ പണി ഉടനെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലം പണിയ്ക്കാവശ്യമായ വിശദമായ ഇൻവെസ്റ്റിഗേഷൻ നടത്തിക്കഴിഞ്ഞു. പാലത്തിന്റെ ജനറൽ ഡിസൈൻ തയ്യാറാക്കി വരുന്നു.

(സി) പാലത്തിന്റെ ഡിസൈൻ പൂർത്തിയാക്കിയശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. അതുകൊണ്ട് പണി ഉടനെ ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

പൂവാർ പാലത്തിന്റെ ഭരണാനുമതി

111 [122] ശ്രീ. എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര താലൂക്കിലെ പൂവാർ പാലത്തിന് ഭരണാനുമതി നൽകിയത് ഏത് വർഷം ആണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയപ്പോൾ എസ്റ്റിമേറ്റ് തുക എത്ര ലക്ഷം രൂപ ആയിരുന്നു;

(സി) എത്ര കാലംകൊണ്ട് തീർക്കാനായിരുന്നു കരാർ ഉറപ്പിച്ചപ്പോൾ ഉള്ള തീരുമാനം;

(ഡി) ഇതുവരെ ആ പാലത്തിന് എത്ര രൂപ ചെലവായിട്ടുണ്ട്;

(ഇ) ആ പാലം പൂർത്തിയാക്കുന്നതിന് ഇനി എത്ര ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു;

(എഫ്) ആദ്യകരാർ അനുസരിച്ച് പണി തീരാതെ ഇത്രയും കാലം നീണ്ടുപോകാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 1979–ലാണ് ഈ പണിക്ക് ഗവൺമെന്റ് ഭരണാനുമതി നൽകിയത്.

(ബി) 38,18,700 രൂപ.

(സി) പണി കരാറുകാരനെ ഏൽപ്പിച്ചപ്പോൾ പണി പൂർത്തിയാക്കുവാൻ നിശ്ചയിച്ചിരുന്ന കാലയളവ് 36 മാസമായിരുന്നു.

(ഡി) ഇതുവരെ 43,72,059 രൂപ ചെലവായിട്ടുണ്ട്.

(ഇ) പണി പൂർത്തിയാക്കുന്നതിന് 52 ലക്ഷം രൂപകൂടി വേണ്ടിവരുമെന്നാണ് കരുതുന്നത്.

(എഫ്) 1979–ൽ കരാറുകാരനെ ഏൽപ്പിച്ച ഈ പണിയുടെ പുരോഗതിയെ സ്ഥലം വിട്ടുകിട്ടുവാനുണ്ടായ താമസവും സിമൻറിന്റെയും ഇരുമ്പുസാധനങ്ങളുടേയും ദൗർലഭ്യവും ബാധിച്ചു. 12–3–1982–ൽ കരാർ

LIBRARY ARCHIVES Kerala Legislative Assembly